**20th December 2015 / Sunday** **56th day of 90 days**

**സങ്കീർത്തനങ്ങൾ 80:3**

**'ദൈവമേ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണേ. ഞങ്ങൾ രക്ഷപ്പെടേണ്ടതിന് തിരുമുഖം പ്രകാശിപ്പിക്കണമെ'**

ഈ ലോകജീവിതത്തിൽ നമുക്ക് ഒത്തിരി ആഗ്രഹങ്ങളും മോഹങ്ങളുമുണ്ട്. അതിന് യാതൊരു അവസാനവും ഇല്ല. എന്നാൽ നമ്മുടെ ആഗ്രഹങ്ങളും പ്രവർത്തനങ്ങളും ദൈവത്തിന്റെ ഇഷ്ടത്തിനും കല്പനകൾക്കും അനുരൂപം ആകുമ്പോഴാണ് ദൈവത്തിന് പ്രസാദം തോന്നുകയും പരിശുദ്ധാത്മാവിനാൽ നമ്മെ കൂടുതൽ വേലകൾക്കായി നിയോഗിക്കുകയും ചെയ്യുന്നത്. കർത്താവിനോട് നാം അപേക്ഷിക്കുന്ന രണ്ട് കാര്യങ്ങൾ, ഈ സത്യവചനത്തിൽ ഉണ്ട്. നമ്മെ യഥാസ്ഥാനപ്പെടുത്തേണം, രക്ഷാപൂർത്തി നേടണം. ഈ രണ്ടു കാര്യങ്ങളിലും നമ്മെ സഹായിക്കുന്നതിനാണ് പിതാവായ ദൈവം തമ്പുരാൻ തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ച്, ജീവൻ പകരം കൊടുത്ത് നമ്മളെ യഥാസ്ഥാനപ്പെടുത്തി രക്ഷയുടെ മർഗ്ഗത്തിൽ എത്തിച്ചത്. യഥാസ്ഥാനപ്പെടലിന്റെ മുമ്പേ ഒരു സ്ഥാനചലനം സംഭവിച്ചിട്ടുണ്ട്. അതിന്റെ കാരണങ്ങൾ ധ്യാനിച്ച് കണ്ടെത്തി അത്തരം സാഹചര്യങ്ങൾ ജീവിതത്തിൽ നിന്ന് ഒഴിവാക്കി ദൈവത്തിന്റെ സന്നിധിയിൽ നിന്ന് അന്യപ്പെട്ട് ഒരു നിമിഷം പോലും ജീവിക്കുന്നതിന് ഇടയാകാതെ, സത്യവചനത്തിൽ ഉറച്ച് വിശ്വസിച്ച് യഥാസ്ഥാനത്തിനായി ലൗകീകമായ എല്ലാ സ്ഥാനങ്ങളും ഒഴിവാക്കാം. കന്യകമറിയാം യഥാസ്ഥാനപ്പെടലിന്റെ ഭാഗമായിട്ടാണ് ഭൗതീകമായ മണവാട്ടി സ്ഥാനം ഒഴിവാക്കി, സ്വർഗ്ഗത്തിലെ മണവാളന്റെ മാതാവായി ഇന്നും ശോഭിക്കുന്നു. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും മോചനം നേടി തരുന്നതിനുവേണ്ടിയാണ് രക്ഷകൻ ഈ ഭൂവിൽ അവതരിച്ചത്. നമുക്ക് ഏദനിൽ നഷ്ടപ്പെട്ട ആ പ്രകാശവസ്ത്രം തിരികെ ലഭിച്ചാൽ മാത്രമേ രക്ഷ പൂർത്തീകരണം സാധിക്കൂ. ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിന്റെ തിരുമുഖത്തു നിന്ന് മാത്രമേ അത് ലഭിക്കുകയുള്ളു. മനുഷ്യന്റെ രക്ഷയെപ്രതി സ്വന്തം ജീവനെ ബലി കൊടുത്ത യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച്, വിശ്വസിച്ച് ഏററുപറഞ്ഞ്, തിരുശരീരരക്തങ്ങൾ അനുഭവിച്ച് പാപത്തിന്റെയും ശാപത്തിന്റെയും കെട്ടുകൾ അഴിക്കപ്പെടേണം. സ്വയപരിശോധന നടത്തി, മനം തിരിഞ്ഞ് യഥാസ്ഥാനപ്പെട്ട് രക്ഷയുടെ പാതയിൽ എത്തിച്ചേരാം. രണ്ടാം വരവിങ്കൽ മദ്ധ്യകാശത്തിൽ എഴുന്നുള്ളുന്ന മണവാളനെ സ്വീകരിക്കാൻ, ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ സകലതും ദൈവത്തിൽ സമർപ്പിച്ച് ലോകത്തിലേക്ക് പ്രകാശം പരത്തുന്ന വിളക്കുകളായി ശോഭിക്കാം. സ്നേഹമാകുന്ന എണ്ണ തീരാതെ കരുതി, നിത്യനായ ദൈവത്തിന്റെ പ്രകാശത്തെ നോക്കി കാത്തിരിക്കാം. യഥാസ്ഥാനപ്പെടുവാൻ സർവ്വശക്തന്റെ സന്നിധിയിൽ കീഴ്പ്പെട്ട് ആ മുഖത്തെ പ്രകാശം നമ്മുടെ ജീവിതത്തിലേക്ക് പകർന്നീടാം.

